(ഇ) അഴിമതിക്കും കൈക്കൂലിക്കും ആധാരമായ കാരണങ്ങളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും പഠനം നടത്തി അവ തടയുന്നതിന് കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) അഴിമതി, കൈക്കൂലി എന്നിവയുമായി ബന്ധപ്പെട്ട് 2009-ൽ 197 വിജിലൻസ് കേസ്സുകളും 2010-ൽ 182 വിജിലൻസ് കേസ്സുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ നിന്ന് അഴിമതി, കൈക്കൂലി ഇവ വർദ്ധിച്ചുവരുന്ന സാഹചര്യം നിലവിൽ ഇല്ല എന്നാണ് വിലയിരുത്തുന്നത്.

(സി) ഇന്ന് നിലവിലുള്ള അഴിമതി നിയന്ത്രണ സംവിധാനം പൂർണ്ണമായും പര്യാപ്തമാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം ഹെഡ് ക്വാർട്ടേഴ്സിനു കീഴിൽ ഓരോ പോലീസ് സൂപ്രണ്ടിന്റെ നിയന്ത്രണത്തിൽ നാല് മേഖലാ ഓഫീസുകളും അമിത സ്വത്ത് സമ്പാദനം അന്വേഷിക്കുന്നതിനായി 3 പോലീസ് സൂപ്രണ്ടുമാരുടെകീഴിൽ പ്രത്യേക അന്വേഷണ സെല്ലുകളും ഉണ്ട്. കൂടാതെ സംസ്ഥാന വ്യാപകമായുള്ള അന്വേഷണങ്ങൾ നടത്തേണ്ടിവരുമ്പോൾ സംസ്ഥാനം മുഴുവൻ അധികാര പരിധിയുള്ള രണ്ട് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുകൾ പോലീസ് സൂപ്രണ്ടുമാരുടെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. ഇതിനുപുറമേ എല്ലാ ജില്ലകളിലും ഓരോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കീഴിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ യൂണിറ്റ് ഓഫീസുകളും പ്രവർത്തിക്കുന്നു. വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു പോലീസ് സൂപ്രണ്ടിന്റെകീഴിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്- II എന്ന ഓഫീസ് അനുവദിക്കുകയും കൂടാതെ 30 പോലീസ് സബ്ബ് ഇൻസ്പെക്ടറുടെ തസ്തികകൾ പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ തസ്തികകളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇപ്പോൾ നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ പൂർണ്ണമായും പര്യാപ്തമാണ്.

വിജിലൻസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അഴിമതി ആരോപണങ്ങൾ

80 (1550) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് ഉദ്യോഗസ്ഥർക്കെതിരെ അഴിമതിയാരോപണങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ഉദ്യോഗസ്ഥരുടെ പേരിൽ ആരോപണം ഉണ്ടായിട്ടുണ്ടെന്നും അവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ആറ് വിജിലൻസ് ഉദ്യോഗസ്ഥർക്കെതിരെ അഴിമതിയാരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ 4 പേർക്കെതിരെ വിജിലൻസ് അന്വേഷണവും ഒരാൾക്കെതിരെ സത്വര പരിശോധനയും ഉത്തരവായിട്ടുണ്ട്. ഇതിനുപുറമേ ഒരാൾക്കെതിരെ വിജിലൻസ് അന്വേഷണവും വിജിലൻസ് കേസും നിലവിലുണ്ട്. അതിൽ വിജിലൻസ് അന്വേഷണം നടത്തി 2 പേർക്കെതിരെ ആരോപണങ്ങൾ തെളിയാത്ത സാഹചർ്യത്തിൽ മേൽ നടപടികൾ ശിപാർശ ചെയ്യാതെ അന്വേഷണം അവസാനിപ്പിക്കുകയും ഒരാൾക്ക് 'Warning' നൽകുകയും ചെയ്തു. വിജിലൻസ് അന്വേഷണത്തിന്റെ/കേസിന്റെ ഭാഗമായി ഒരാളിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുകയും ടിയാനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടരുകയും ചെയ്യുന്നു. സത്വര പരിശോധനാ ഫലമായി ഒരാൾക്കെതിരെ ആരോപണങ്ങൾ തെളിയാത്ത സാഹചര്യത്തിൽ മേൽ നടപടികൾ ശിപാർശ ചെയ്യാതെ അന്വേഷണം അവസാനിപ്പിച്ചു.

ടൂറിസം ട്രേഡ് ഫെയറുകൾ

81 (1551) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ട്രേഡ് ഫെയറുകൾ സംഘടിപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കാലയളവിൽ എത്ര ദേശീയ, അന്തർദേശീയ ടൂറിസം ട്രേഡ് ഫെയറുകളിൽ ടൂറിസം വകുപ്പ് പങ്കെടുത്തുവെന്ന് ഫെയറുകളുടെ പേരും വർഷവും തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഇത്തരം ട്രേഡ് ഫെയറുകൾ സംസ്ഥാന ടൂറിസം മേഖലയുടെ വികസനത്തിന് എത്രത്തോളം പ്രയോജനകരമായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇതുവരെ ട്രേഡ് ഫെയറുകൾ സംഘടിപ്പിച്ചിട്ടില്ല. എന്നാൽ പ്രമുഖ ടൂറിസം ഏജൻസികൾ ദേശീയ അന്തർ ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന ട്രേഡ് ഫെയറുകളിൽ ടൂറിസം വകുപ്പ് സജീവമായി പങ്കെടുത്തുവരുന്നു.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇത്തരം ട്രേഡ് ഫെയറുകളിൽ പങ്കെടുത്ത് പ്രചാരണം നടത്തിയതുവഴി കേരളത്തെക്കുറിച്ച് വിദേശ രാജ്യങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനും വിദേശ ടൂറിസ്റ്റുകളുടെ കേരളത്തിലേക്കുള്ള വരവ് വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly